16
ഒക്ടോബർ
2017

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

**ജംഗിൾ ന്യൂസ്** പത്രത്തിലേക്ക് കൂട്ടുകാരുടെ
**രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..**
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

## ആനവായിൽ അമ്പഴങ്ങ കുടുങ്ങിയതിന് സർജറി
## ആശുപത്രിക്കെതിരെ പ്രതിഷേധം ശക്തം

**ആനക്കോട്ട:** കണ്ണും മൂക്കുമില്ലാതെ അമ്പഴങ്ങ വെട്ടിവിഴുങ്ങുകയായിരുന്ന മന്നൻ ആനയുടെ വായിൽ അമ്പഴങ്ങ കുടുങ്ങിയതിനെ തുടർന്ന് സർജറി നടത്തിയ അന്ത്യക്കൂദാശ ആശുപത്രി അധികൃതരുടെ നടപടി വിവാദമാകുന്നു.

അമ്പഴങ്ങ എന്നത് ആനക്ക് അത്ര പ്രശ്നം സൃഷ്ടിക്കുന്ന ഒന്നല്ല എന്നും തലയിലൊന്ന് അമർത്തിയാലത് അകത്തേക്ക് പോകുമായിരുന്നിട്ടും കാശിനു വേണ്ടി തുമ്പിക്കൈ സർജറി ചെയ്ത ഹോസ്പിറ്റൽ ക്രൂരതയാണ് കാട്ടിയത് എന്നും മന്നന്റെ ബന്ധുക്കൾ പറഞ്ഞു.



*സർജറിക്ക് മുമ്പ് സെൽഫിയെടുക്കുന്ന മന്നൻ ആന*

അമ്പഴങ്ങ വിഴുങ്ങിയതിന് ആശുപത്രിയിൽ പോയ മന്നനെയാണ് തല്ലേണ്ടത് എന്നാണ് മന്നന്റെ കൂട്ടുകാരുടെ പക്ഷം. എന്തായാലും മനസ്സാക്ഷിയില്ലാത്ത ഹോസ്പിറ്റൽ അധികൃതരുടെ ചെയ്തിക്കെതിരെ പ്രതിഷേധം ശക്തമാവുകയാണ്.

## ജുഡീഷ്യൽ അന്വേഷണം വേണം

**നരിയാന:** ഓക്സിജൻ കിട്ടാതെ കോഴിക്കുഞ്ഞുങ്ങൾ മരിച്ച സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം വേണം എന്ന് വാനര കോൺഗ്രസ് വക്താവ് തൊമ്മൻ കരടി പറഞ്ഞു. പശുക്കൾക്ക് മാത്രം പരിഗണന നൽകുന്ന ഗവൺമെന്റ് മറ്റുള്ള മൃഗങ്ങളെയെല്ലാം അവഗണിക്കുകയാണെന്നും തൊമ്മൻ കൂട്ടിച്ചേർത്തു. കഴിഞ്ഞയാഴ്ച കാക്കഞ്ചേരി ഗവ.ഹോസ്പിറ്റലിലാണ് ഓക്സിജൻ സിലിണ്ടർ ഇല്ലാത്തതിനെ തുടർന്ന് എഴുപതോളം കോഴിക്കുഞ്ഞുങ്ങൾ ശ്വാസം കിട്ടാതെ മരിച്ചത്.

## പനി പടർത്തുന്നവർക്കെതിരെ കർശന നടപടി

**കൊതുകുപാടം:** കാട്ടിലാകെ പനി പടർത്തുന്ന മൃഗവിരുദ്ധരായ കൊതുകുകൾക്കെതിരെ കർശന നടപടിയുണ്ടാകുമെന്ന് ആരോഗ്യമന്ത്രി മെലിയൻ പല്ലി പറഞ്ഞു. എല്ലാവരിലും പനി കുത്തിവെച്ച് കാട്ടിൽ അനിശ്ചിതാവസ്ഥ സൃഷ്ടിക്കാനാണ് ചില കൊതുക് സംഘങ്ങൾ ശ്രമിക്കുന്നത്. ഇതിനെതിരെ ഭരണകൂടം ശക്തമായ നിലപാടെടുക്കും. ആരെല്ലാം ആസൂത്രിതമായി പനി പടർത്താൻ ശ്രമിക്കുന്നുവെന്ന് കണ്ടെത്താൻ കാടിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറ സ്ഥാപിക്കും എന്നും അദ്ദേഹം പറഞ്ഞു. പനിയുടെ പേരും പറഞ്ഞ് തങ്ങളെ വിഴുങ്ങാൻ കാത്തിരിക്കുന്ന മെലിയൻ പല്ലിയുടെ അതിമോഹം നടക്കില്ലെന്ന് കൊതുക് കൂട്ടം പ്രസിഡന്റ് കടിയൻ കൊതുക് പറഞ്ഞു. പനി പടർത്തുന്നത് കൊതുകുകളാണ് എന്ന മനുഷ്യർ പടച്ചുവിടുന്ന വ്യാജവാദങ്ങൾ ഉത്തരവാദപ്പെട്ട മൃഗഭരണകൂടം ഏറ്റെടുക്കുന്നത് സങ്കടകരമാണെന്നും കടിയൻ പറഞ്ഞു.



*കടിയൻകൊതുക്*

**ഏട്ടുകാലി**
**ഡിസൈൻസ്**
ഇന്റീരിയർ വർക്ക്



*മാളമോ മരക്കൊമ്പോ നിങ്ങളുടെ താമസസ്ഥലം ഏതുമാകട്ടെ ആധുനിക ഡിസൈനിൽ വല നെയ്ത് വീട് ഭംഗിയുള്ളതാക്കിത്തീർക്കുന്നു.*

വിവരങ്ങൾക്ക് ഞങ്ങളുടെ
**വെബ്സൈറ്റ് സന്ദർശിക്കുക**
www.ettukaalidesign.com

## ആമ – മുയൽ ഓട്ടപ്പന്തയം ഇന്ന്

**ആമയൂർ:** പരസ്പരമുള്ള വെല്ലുവിളികൾക്കും വാഗ്വാദങ്ങൾക്കും ശേഷം മൃഗങ്ങളെല്ലാം കാത്തിരിക്കുന്ന ചിന്നനാമയും മിന്നുമുയലും തമ്മിലുള്ള ഓട്ടപ്പന്തയം ഇന്ന് മുതലക്കുളം ഗ്രൗണ്ടിൽ നടക്കും. ഉച്ചക്ക് ശേഷം മുഖ്യമന്ത്രി സടയൻ സിംഹം ഉറക്കമെഴുന്നേറ്റാലുടൻ ഓട്ടപ്പന്തയം ആരംഭിക്കും. കാലങ്ങളായി ചിന്നനും മിന്നുവും തമ്മിൽ തർക്കങ്ങളും പരിഹാസങ്ങളും ഉടലെടുത്തിട്ട്. ചെന്നായൻ വാസുവും ടീമും പ്രശ്നത്തിൽ ഇടപെട്ട് രംഗം കൂടുതൽ വഷളാക്കി. ഒടുക്കം പട്ടാളം പൈലി, പൂച്ചപ്പോലീസ്, കാദർക്കാ തുടങ്ങിയവർ ഇടപെട്ടാണ് എന്നാൽ ഓട്ടമൽസരം നടത്തിക്കളയാം എന്ന് തീരുമാനിച്ചത്. മൽസരം നടക്കുന്നതിനാൽ നല്ല തിരക്ക് ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ കോഴിക്കൂട് നഗരത്തിൽ ട്രാഫിക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.



*ചിന്നനും മിന്നുവും പരിശീലനത്തിൽ*

കൃഷ്ണ നദിയുടെ തീരത്താണ് വിജയവാഡ നഗരം